**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6129** **17-03-2023 - ൽ മറുപടിയ്ക്ക്**

**പ്രവാസികളുടെ വ്യവസായിക നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന പ്രവാസികളുടെ വ്യാവസായിക നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും ഉദാരവ്യവസ്ഥയിൽ വായ്പ നൽകുന്നതിനുമുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കാമോ; | (എ) | തൊഴിൽ നഷ്ടപ്പെട്ടും അല്ലാതെയും സംസ്ഥാനത്തേക്ക് തിരിച്ചെത്തുന്ന പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സിയും നോർക്കയും ചേർന്ന് അവതരിപ്പിച്ചിരുന്ന പദ്ധതി ആയിരുന്നു പ്രവാസി ഭദ്രതാ മെഗാ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖാന്തിരം ഗുണഭോക്താക്കളായ പ്രവാസികൾക്ക് അനുവദിച്ചിരുന്ന വായ്പ 25 ലക്ഷം മുതൽ രണ്ട് കോടി രൂപ വരെയാണ്. പ്രസ്തുത വായ്പകൾക്ക് ആദ്യ നാല് വർഷം 5% മാത്രം പലിശ ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി ബാക്കി 3.75% പലിശ ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ തിരികെ നൽകിവരുന്നു.<br><br>പദ്ധതി പുതുക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി-യിൽ നിലവിലുള്ള CM Special Assistanceസ്കീമിലേയ്ക്ക് പ്രവാസി ഭദ്രതാ സ്കീം ലയിപ്പിക്കുവാനുള്ള നടപടികൾ നോർക്ക വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. |
| (ബി) | മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതിയിലൂടെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രവാസികൾക്ക് പ്രത്യേക ധനസഹായ പദ്ധതികൾ നിലവിലുണ്ടോ;വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകൈയെടുത്ത് കെഎസ്ഐഡിസി മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം വായ്പയും ലഭ്യമാക്കും.<br><br>പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവയ്ക്ക് 1 കോടി മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 5.5% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രോപ്രൈറ്റർഷിപ്, പാർട്ണർഷിപ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ് അപ്പ്രൈസ് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും, മാത്രമല്ല 1 വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രവാസികളുടെ വ്യാവസായിക നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് ഉദാര വ്യവസ്ഥയിൽ വായ്പ നൽകിയതിന്റെ കണക്കുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (സി) | പ്രവാസി ഭദ്രത മെഗാ പദ്ധതിയിൽ കെ.എസ്.ഐ.ഡി.സി മുഖേന നാളിതുവരെ അനുവദിച്ച ധനസഹായത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| **ക്രമ നമ്പർ** | **പദ്ധതി** | **ധനസഹായം (Rs)** | **ജില്ല** |
|---|---|---|---|
| 1 | Lilly Complex | 100 Lakhs | Thiruvananthapuram |
| 2 | JK Associates | 192 Lakhs | Thiruvananthapuram |

| | | | |
|---|---|---|---|
| 3 | Garden of Life | 93 Lakhs | Kollam |
| 4 | Vidayathil Industries | 80 Lakhs | Ernakulam |

സെക്ഷൻ ഓഫീസർ